# നിങ്ങളുടെ അവകാശങ്ങൾ അറിയുക

യുണൈറ്റഡ് സ്റ്റേറ്റ്സിൽ ജോലി ചെയ്യുമ്പോഴുള്ള നിങ്ങളുടെ അവകാശങ്ങൾ വിശദീകരിക്കുന്ന ഒരു വിവര ലഘുലേഖ.

ദേശീയ മനുഷ്യക്കടത്ത് ഹോട്ട്‌ലൈൻ
**1–888–373–7888**
(യുണൈറ്റഡ് സ്റ്റേറ്റ്സിനുള്ളിൽ)











# നിങ്ങളുടെ അവകാശങ്ങൾ അറിയുക

നിങ്ങൾക്ക് യുണൈറ്റഡ് സ്റ്റേറ്റ്സിൽ പ്രയോജനപ്രദമായ ഒരു താമസം ഉണ്ടാകുമെന്ന് ഞങ്ങൾക്ക് ആത്മവിശ്വാസമുണ്ട്. എന്നിരുന്നാലും, മോശമായ സാഹചര്യങ്ങൾ സംഭവിക്കുകയാണെങ്കിൽ, നിങ്ങൾക്ക് അവകാശങ്ങളുണ്ട്, നിങ്ങൾക്ക് സഹായം ലഭ്യമാവുകയും ചെയ്യും!

നിങ്ങൾക്ക് ഇവയ്ക്കുള്ള അവകാശമാണുള്ളത്:

- ന്യായമായ വേതനം ലഭിക്കുക
- വിവേചനത്തിൽ നിന്ന് മുക്തമായിരിക്കുക
- ലൈംഗീക അതിക്രമത്തിൽ നിന്നും ലൈംഗിക ചൂഷണത്തിൽ നിന്നും മുക്തമായിരിക്കുക
- ആരോഗ്യകരവും സുരക്ഷിതവുമായ ഒരു തൊഴിൽസ്ഥലം ഉണ്ടായിരിക്കുക
- യൂണിയനിൽ നിന്നോ, കുടിയേറ്റ അവകാശ സംഘടനയിൽ നിന്നോ, തൊഴിലാളി അവകാശ സംഘടനയിൽ നിന്നോ സഹായം തേടുവാൻ
- അതിക്രമകരമായ തൊഴിൽ സാഹചര്യം വിട്ടുപോകുക

**നിങ്ങളോട് മോശമായി പെരുമാറുകയാണെങ്കിൽ, 1-888-373-7888 എന്ന നമ്പറിൽ (യുണൈറ്റഡ് സ്റ്റേറ്റ്സിനുള്ളിൽ) നാഷണൽ ഹ്യൂമൻ ട്രാഫിക്കിംഗ് ഹോട്ട്ലൈനുമായി ബന്ധപ്പെടുക, 233733 എന്ന നമ്പറിലേക്ക് (യുണൈറ്റഡ് സ്റ്റേറ്റ്സിനുള്ളിൽ) "HELP" എന്ന് സന്ദേശം അയയ്ക്കുക അല്ലെങ്കിൽ *NHTRC@POLARISPROJECT.ORG* എന്ന വിലാസത്തിലേക്ക് ഇമെയിൽ അയയ്ക്കുക.**

**പരിശീലനം സിദ്ധിച്ച വിദഗ്ദ്ധർ 200ലധികം ഭാഷകളിൽ സഹായത്തിനായി എപ്പോഴും ലഭ്യമാണ്. നിങ്ങൾ നിങ്ങളുടെ പേരോ തിരിച്ചറിയൽ വിവരങ്ങളോ നല്കേണ്ട ആവശ്യമില്ല. കൂടുതൽ വിവരങ്ങൾക്ക് *WWW.TRAFFICKINGRESOURCECENTER.ORG* സന്ദർശിക്കുക.**

താങ്കൾക്ക് ഉടനടി സംഭവിക്കാവുന്ന ഒരു അപകടാവസ്ഥയിലാണെങ്കിൽ 911 എന്ന നമ്പറിൽ (യൂണൈറ്റഡ് സ്റ്റേറ്റ്സിനുള്ളിൽ) പൊലീസിനെ വിളിക്കുക. അടിയന്തിര സാഹചര്യം, നിങ്ങളുടെ സ്ഥലം, നിങ്ങൾ വിളിക്കുന്ന ഫോൺ നമ്പർ എന്നിവ അവരോട് പറയുക. നിങ്ങൾ ഇംഗ്ലീഷ് സംസാരിക്കില്ല എങ്കിൽ ഒരു പരിഭാഷകന്റെ സേവനം ആവശ്യപ്പെടുക. പൊലീസ് വരുമ്പോൾ, നിങ്ങൾ ഈ ലഘുലേഖ അവരെ കാണിക്കുകയും, നിങ്ങൾക്ക് അനുഭവപ്പെട്ട പീഡനത്തെ കുറിച് അവരോട് പറയുകയും ചെയ്യാം.

നിങ്ങൾക്ക് ഒരു എ–3, ജി–5, എച്, ജെ, നാറ്റൊ–7, അല്ലെങ്കിൽ ബി–1 ഡൊമസ്റ്റിക് വർക്കർ (ഗാർഹിക ജോലിക്കാർ) നോൺഇമിഗ്രന്റ് വിസയാണ് ലഭിക്കുന്നതെങ്കിൽ, നിങ്ങളുടെ ഇന്റർവ്യൂ വേളയിൽ ഈ ലഘുലേഖ നിങ്ങൾ ലഭിക്കേണ്ടതാണ്. വിസ ലഭിക്കുന്നതിനു മുമ്പ് ഈ ലഘുലേഖ നിങ്ങൾക്ക് ലഭിക്കുകയും ലഘുലേഖയുടെ ഉള്ളടക്കം നിങ്ങൾ വായിക്കുകയും മനസ്സിലാക്കുകയും ചെയ്തു എന്നും ഒരു കോൺസുലർ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. താങ്കൾക്ക് അത് ലഭിച്ചിട്ടില്ല എങ്കിൽ, കോൺസുലർ ഉദ്യോഗസ്ഥൻ ലഘുലേഖ നിങ്ങൾക്ക് ലഭ്യമാക്കേണ്ടതും അത് നിങ്ങളുമായി ചർച്ച ചെയ്യേണ്ടതുമാണ്. ഇതു കൂടാതെ, ഈ ലഘുലേഖയിലുള്ള വിവരങ്ങളെ കുറിച്ച് നിങ്ങൾക്കുണ്ടാകുന്ന ഏത് ചോദ്യങ്ങൾക്കും കോൺസുലർ ഉദ്യോഗസ്ഥൻ മറുപടി നൽകുകയും വേണം.

## വിസാ പദവി എന്തായിരുന്നാലും നിങ്ങൾക്കുള്ള അവകാശങ്ങൾ

നിങ്ങളുടെ അവകാശങ്ങൾ ലംഘിക്കപ്പെട്ടു എന്ന് നിങ്ങൾ വിശ്വസിക്കുകയാണെങ്കിൽ, അക്കാര്യം, സർക്കാർ ഏജൻസിക്ക്, യൂണിയന്, സർക്കാർ ഇതര സംഘടനയ്ക്ക് അല്ലെങ്കിൽ നിങ്ങളെ സഹായിക്കാനാവുന്ന മറ്റൊരു സംഘടനയ്ക്ക് റിപ്പോർട്ട് ചെയ്യുക. നിങ്ങൾ ഇംഗ്ലീഷ് സംസാരിക്കില്ല എങ്കിൽ ഒരു പരിഭാഷകന്റെ സേവനം ആവശ്യപ്പെടുക.

1. ന്യായമായ വേതനം ലഭിക്കുന്നതിനുള്ള അവകാശം

- നിങ്ങൾ ചെയ്യുന്ന എല്ലാ ജോലിക്കും വേതനം ലഭിക്കുന്നതിന് നിങ്ങൾക്ക് അവകാശമുണ്ട്.
- മിക്കവാറും എല്ലാ ജോലികൾക്കും ഏറ്റവും കുറഞ്ഞ ഫെഡറൽ മിനിമം വേതനം ലഭിക്കുന്നതിന് നിങ്ങൾക്ക് അവകാശമുണ്ട്. നിലവിലുള്ള ഫെഡറൽ മിനിമം എത്രയെന്ന് മനസ്സിലാക്കാൻ *www.dol.gov/whd/minimumwage.htm* കാണുക.

ടിപ്പ്: ഭാവി ഉപയോഗത്തിനായി ഈ ലഘുലേഖ യൂണൈറ്റഡ് സ്റ്റേറ്റ്സിലേക്ക് വരുമ്പോൾ കൂടെ കൊണ്ടുവരിക.



ടിപ്പ്: നിങ്ങളുടെ വാസത്തിന്റെ ദൈർഘ്യത്തെ ആശ്രയിച്ച്, യുണൈറ്റഡ് സ്റ്റേറ്റ്സിലായിരിക്കുമ്പോൾ ആരോഗ്യ ഇൻഷുറൻസ് എടുക്കേണ്ടത് നിങ്ങൾക്ക് ആവശ്യമായിരിക്കുന്നതാണ്. ആരോഗ്യ ഇൻഷുറൻസിന്റെ ചെലവ് താഴ്ത്തുന്നതിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിന് നിങ്ങൾക്ക് അർഹത ലഭിക്കുകയും ചെയ്തേക്കാം.

- താഴെപ്പറയുന്ന സാഹചര്യങ്ങളിൽ ഫെഡറൽ മിനിമം വേതനത്തേക്കാൾ കൂടുതൽ ലഭിക്കുന്നതിന് നിങ്ങൾക്ക് അവകാശമുണ്ടായിരിക്കാം:
  - അതിനേക്കാൾ ഉയർന്ന ഒരു മിനിമം വേതനമുള്ള ഒരു സംസ്ഥാനത്തോ, നഗരത്തിലോ, നിങ്ങൾ ജോലി ചെയ്യുന്നു.
  - നിങ്ങളുടെ തൊഴിൽ കരാർ/വിസാ പ്രോഗ്രാം ഉയർന്ന ഒരു തുക ആവശ്യപ്പെടുന്നു.
- ഒരാഴ്ച്ചയിൽ 40 മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യുന്ന മണിക്കൂറുകൾക്ക് നിങ്ങളുടെ പ്രതി മണിക്കൂർ വേതനത്തിന്റെ ഒന്നര മടങ്ങ് അധികസമയ വേതനം ലഭിക്കാൻ നിങ്ങൾക്ക് അവകാശമുണ്ടായിരിക്കും. ഉദാഹരണത്തിന്, നിങ്ങളുടെ സാധാരണ വേതന നിരക്ക് മണിക്കൂറിന് $10 ആണെങ്കിൽ, നിങ്ങളുടെ തൊഴിലുടമ ഒരു ഒറ്റ ആഴ്ച്ചയിൽ 40 മണിക്കൂറിൽ കൂടുതലായി നിങ്ങൾ ജോലി ചെയ്യുന്ന ഓരോ മണിക്കൂറിനും നിങ്ങൾക്ക് $15 അധികസമയ വേതനം നല്കേണ്ടതാണ്.
- നിങ്ങളുടെ തൊഴിലുടമ നിങ്ങളുടെ ശമ്പളത്തിൽ നിന്നും പണം എടുക്കുകയാണെങ്കിൽ, അതിനെ ഡിഡക്ഷൻ എന്നാണ് വിളിക്കുന്നത്. നിങ്ങളുടെ ശമ്പളത്തിൽ നിന്നും എടുക്കുന്ന ഓരോ ഡിഡക്ഷനും നിങ്ങളുടെ തൊഴിലുടമ വ്യക്തമായി വിശദീകരിക്കണം.
- ഡിഡക്ഷനു ശേഷം നിങ്ങൾക്ക് ലഭിക്കുന്നത് നിയമപരമായി ലഭിക്കേണ്ട വേതന നിരക്കിനേക്കാൾ കുറവാണെങ്കിൽ ഡിഡക്ഷനുകൾ നിയമവിരുദ്ധമായേക്കാം. ഒരു തൊഴിലുടമ സാധാരണഗതിയിൽ യൂണിഫോം, സുരക്ഷാ ഉപകരണം,

ആവശ്യമായ പണിയായുധങ്ങൾ, സപ്ലൈകൾ, ഉപകരണം അല്ലെങ്കിൽ റിക്രൂട്ട്മെന്റ് ഫീ എന്നിവയ്ക്കായി ഡിഡക്ഷൻ നടത്തിയേക്കില്ല. ചില വിസാ വിഭാഗങ്ങൾക്ക്, താമസസൗകര്യം സൗജന്യമായി പ്രദാനം ചെയ്യേണ്ടതാണ്.

- നിയമവിധേയമായ ഡിഡക്ഷനുകളിൽ ആരോഗ്യ ഇൻഷുറൻസ്. യൂണിയൻ കുടിശിക അല്ലെങ്കിൽ മുൻകൂറായി വേതനം എന്നിവ പോലെ നിങ്ങൾ തെരഞ്ഞെടുക്കുന്നവയും അതുപോലെതന്നെ, കുട്ടികൾക്കുള്ള ചെലവ് അല്ലെങ്കിൽ ജീവനാംശം, അല്ലെങ്കിൽ പാപ്പർ നടപടിക്രമങ്ങൾക്കുള്ള കോടതി ഉത്തരവിലൂടെയുള്ള പിടിച്ചുവയ്ക്കലുകളും ഉൾപ്പെടുന്നതാണ്. ഏതാനും ഒഴിവാക്കലുകളോടെ, യൂണൈറ്റഡ് സ്റ്റേറ്റ്സിൽ ജോലി ചെയ്യുന്ന നോൺഇമിഗ്രന്റ് വിസാ ഉടമകൾ ഫെഡറൽ, സംസ്ഥാന വരുമാന, തൊഴിൽ നികുതികൾക്ക് വിധേയരാണ്. നിങ്ങളുടെ ശമ്പളത്തിൽ നിന്നും ആദായ നികുതി നേരിട്ട് പിടിക്കുന്നതിന് നിങ്ങളുടെ തൊഴിലുടമയും സമ്മതിച്ചേക്കാം. നിങ്ങളുടെ തൊഴിലുടമ സാധാരണഗതിയിൽ സാമൂഹ്യ സുരക്ഷാ, മെഡികെയർ നികുതികൾ എന്നിവ ഉൾപ്പെടെയുള്ള തൊഴിൽ നികുതികൾ, നിങ്ങളുടെ തൊഴിലുടമ നിങ്ങളുടെ ശമ്പളത്തിൽ നിന്നും നേരിട്ട് പിടിക്കുന്നതാണ്.

2. വിവേചനത്തിൽ നിന്ന് മുക്തമായിരിക്കാനുള്ള നിങ്ങളുടെ അവകാശം

- നിങ്ങളുടെ പ്രായം (40 വയസ്സോ അതിനു മുകളിലോ ആണെങ്കിൽ), ലിംഗപദവി, വർഗ്ഗം, ദേശീയതയും വംശീയതയും, നിറം, മതം. ജനിതക വിവരം (കുടുംബ ആരോഗ്യ ചരിത്രം ഉൾപ്പെടെ) അല്ലെങ്കിൽ വൈകല്യം എന്നിവ കാരണമായി ജോലിസ്ഥലത്ത് നിങ്ങളുടെ തൊഴിലുടമ നിങ്ങളോട് വ്യത്യസ്തമായി അല്ലെങ്കിൽ മോശമായി പെരുമാറുന്നത് നിയമവിരുദ്ധമാണ്.
- നിങ്ങൾ ഒരു സ്ത്രീയായതിനാലോ, അല്ലെങ്കിൽ നിങ്ങൾ ഗർഭിണിയായതിനാലോ, മുലയൂട്ടുന്നതിനാലോ അല്ലെങ്കിൽ ഗർഭിണിയായേക്കാം എന്നതിനാലോ, നിങ്ങളുടെ തൊഴിലുടമ നിങ്ങളോട് വ്യത്യസ്തമായി പെരുമാറാൻ പാടില്ല.

3. ലൈംഗീക അതിക്രമത്തിൽ നിന്നും ലൈംഗിക ചൂഷണത്തിൽ നിന്നും മുക്തമായിരിക്കുന്നതിനുള്ള നിങ്ങളുടെ അവകാശങ്ങൾ

- നിങ്ങളുടെ തൊഴിലുടമ നിങ്ങളോട് ലൈംഗീക അതിക്രമം കാട്ടുന്നത് നിയമവിരുദ്ധമാണ്. നിങ്ങളുടെ തൊഴിലുടമ നിന്ദ്യമായ ലൈംഗീക അല്ലെങ്കിൽ ലിംഗപദവി–അടിസ്ഥാനത്തിലുള്ള ഒരു പരാമർശവും നടത്താൻ പാടില്ല.

- നിങ്ങളുടെ തൊഴിലുടമ നിങ്ങളെ, താഴെപ്പറയുന്നവ ഉൾപ്പെടെ, ലൈംഗികമായി ചൂഷണം ചെയ്യുന്നത് നിയമവിരുദ്ധമാണ്:
  - ഏതെങ്കിലും ലൈംഗിക പ്രവൃത്തിയിൽ ഏർപ്പെടാൻ നിങ്ങളോട് ആവശ്യപ്പെടുക;
  - നിങ്ങളെ ലൈംഗികമായ രീതിയിൽ സ്പർശിക്കുക;
  - ഏതെങ്കിലും ലൈംഗിക പ്രവൃത്തിയിൽ ഏർപ്പെടാൻ നിങ്ങളെ നിർബന്ധിക്കുക, ചതിയിൽ പെടുത്തുക അല്ലെങ്കിൽ ഭീഷണിപ്പെടുത്തി അനുസരിപ്പിക്കുക.

4. ആരോഗ്യകരവും സുരക്ഷിതവുമായ ഒരു തൊഴിൽ സ്ഥലത്തിനുള്ള നിങ്ങളുടെ അവകാശം യുണൈറ്റഡ് സ്റ്റേറ്റ്സിലെ ഒരു തൊഴിലാളി എന്ന നിലയിൽ, താഴെപ്പറയുന്നവ ഉൾപ്പെടെയുള്ള സുരക്ഷിതവും ആരോഗ്യകരവുമായ ഒരു തൊഴിലിടത്തിന് നിങ്ങൾക്ക് ആവകാശമുണ്ടായിരിക്കുന്നതാണ്:

- **വൈദ്യ ചികിത്സ:** ജോലിയുമായി ബന്ധപ്പെട്ടുള്ള പരുക്കുകളും അസുഖങ്ങളും നിങ്ങളുടെ തൊഴിലുടമയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിങ്ങൾക്ക് അവകാശമുണ്ടായിരിക്കുന്നതാണ്. നിങ്ങൾക്ക് ജോലിസ്ഥലത്ത് വച്ച് പരുക്കേൽക്കുകയോ അസുഖം വരുകയോ ചെയ്യുകയാണെങ്കിൽ, നിങ്ങൾ വൈദ്യ ചികിത്സ തേടേണ്ടതാണ്. ജോലിയുമായി ബന്ധപ്പെട്ട മിക്ക കേസുകൾക്കും പരിക്കുകൾക്കും അല്ലെങ്കിൽ അസുഖങ്ങൾക്കും, നിങ്ങളുടെ തൊഴിലുടമ സൗജന്യ വൈദ്യ ചികിത്സയും പരിക്കേറ്റതിനാൽ നഷ്ടപ്പെട്ട വേതനത്തിന്റെ ഭാഗവും നിങ്ങൾക്ക് നൽകുകയും ചെയ്യേണ്ടതാണ്. നിങ്ങൾ ജോലി ചെയ്യുന്ന സംസ്ഥാനത്തെ തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരത്തിന് നിങ്ങൾ ഫയൽ ചെയ്യണം.
- **സുരക്ഷാ ഉപകരണം:** നിങ്ങൾ കീടനാശിനികൾ അല്ലെങ്കിൽ അപകടകരമായ രാസവസ്തുക്കളുമായി ചേർന്ന് ജോലി ചെയ്യുകയാണെങ്കിൽ, നിങ്ങളുടെ തൊഴിലുടമ ആ ജോലിക്ക് ആവശ്യമായ സുരക്ഷാ ഉപകരണത്തിനുള്ള (റെസ്പിറേറ്റർ അല്ലെങ്കിൽ കൈയ്യുറകൾ പോലെയുള്ളത്) ചെലവ് നല്കേണ്ടതും അവ പ്രദാനം ചെയ്യേണ്ടതുമാണ്.
- **പരിശീലനം:** അപകടസാദ്ധ്യതകൾ, അപകടം തടയുന്നതിനുള്ള മാർഗ്ഗങ്ങൾ, നിങ്ങളുടെ തൊഴിൽസ്ഥലത്തിന് ബാധമാകുന്ന സുരക്ഷാ, ആരോഗ്യ മാനദണ്ഡങ്ങൾ എന്നിവയെ കുറിച്ചുള്ള വിവരങ്ങളും പരിശീലനവും ലഭിക്കുന്നതിന് നിങ്ങൾക്ക് അവകാശമുണ്ട്. പരിശീലനം നിങ്ങൾക്ക് മനസ്സിലാക്കാനാവുന്ന ഒരു ഭാഷയിലും പദപ്രയോഗങ്ങളാലും ആയിരിക്കണം.

ടിപ്പ്: യുണൈറ്റഡ് സ്റ്റേറ്റ്സിലേക്ക് യാത്ര തിരിക്കുന്നതിനു മുമ്പ്, കുടിയേറ്റ തൊഴിലാളി സംഘടനകളിൽ നിന്നോ മുമ്പ് കുടിയേറ്റ തൊഴിലാളിയായി ജോലി ചെയ്തിരുന്നവരിൽ നിന്നോ ഉപദേശം തേടുക. നിങ്ങൾ യുണൈറ്റഡ് സ്റ്റേറ്റ്സിലായിരിക്കുമ്പോൾ നിങ്ങൾക്ക് എന്തെങ്കിലും പ്രശ്നങ്ങളോ ചോദ്യങ്ങളോ ഉണ്ടാവുകയാണെങ്കിൽ നിങ്ങൾക്ക് ബന്ധപ്പെടാനാവുന്ന വ്യക്തികളുടെ അല്ലെങ്കിൽ സംഘടനകളുടെ പേരുകളും നമ്പറുകളും നിങ്ങൾക്ക് നൽകാൻ അവർക്ക് കഴിയും.



- **താമസസൗകര്യം:** നിങ്ങളുടെ തൊഴിലുടമ താമസസൗകര്യം പ്രദാനം ചെയ്യുകയാണെങ്കിൽ, അത് വൃത്തിയുള്ളതും സുരക്ഷിതവുമായിരിക്കണം. ജോലി സമയം അല്ലാത്തപ്പോൾ നിങ്ങളുടെ താമസസ്ഥലം വിട്ടുപോകുന്നതിന് നിങ്ങളെ അനുവദിക്കണം.
- **കുളിമുറികൾ:** കുളിമുറികൾ വൃത്തിയുള്ളതും പ്രാപ്യവുമായിരിക്കണം. നിങ്ങളുടെ തൊഴിലുടമ ആവശ്യമുള്ള പ്രകാരത്തിലുള്ള കുളിമുറി സൗകര്യം നിങ്ങൾക്ക് നൽകണം.
- **പാനയോഗ്യമായ ജലം:** ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നതിനുള്ള അവകാശം നിങ്ങൾക്കുണ്ട്.
- **സോപ്പും ശുദ്ധ ജലവും:** നിങ്ങളുടെ കൈകൾ ആവശ്യമായ വിധത്തിൽ, വിശേഷിച്ചും കീടനാശിനികൾ/രാസവസ്തുക്കൾ ഉപയോഗിച്ച് സംസ്കരിക്കുന്ന പച്ചക്കറികൾ അല്ലെങ്കിൽ പഴങ്ങൾ ഉൾപ്പെടെ കീടനാശിനികൾ/രാസവസ്തുക്കൾ കൈകാര്യം ചെയ്ത ശേഷം, സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുന്നതിനുള്ള അവകാശം നിങ്ങൾക്കുണ്ട്.
- **അടിയന്തിര വൈദ്യ സഹായം:** നിങ്ങളുടെ ചെലവുകൾക്കുള്ള പണം നല്കേണ്ടതാണ് എന്നുള്ളതിനാൽ, നിങ്ങളുടെ പരിക്ക് അല്ലെങ്കിൽ അസുഖത്തെ കുറിച്ച് സാദ്ധ്യമായിടത്തോളം ഉടനെ തന്നെ നിങ്ങളുടെ പരിക്ക് അല്ലെങ്കിൽ അസുഖത്തെ കുറിച്ച് നിങ്ങളുടെ തൊഴിലുടമയോട് നിങ്ങൾ പറയേണ്ടതാണ്. എങ്കിൽ മാത്രമേ നിങ്ങളുടെ തൊഴിലുടമയ്ക്ക് ആവശ്യമായ കടലാസ്

ജോലികൾ ഫയൽ ചെയ്യാനാവൂ. നിങ്ങൾ ഒരു ഡോക്ടറുടെ അടുത്തോ, ക്ലിനിക്കിലോ ആശുപത്രിയിലോ ആണെങ്കിൽ, നിങ്ങളുടെ അസുഖത്തിനെ അല്ലെങ്കിൽ പരിക്കിനെ സംബന്ധിക്കുന്ന കടലാസ് ജോലിയുടെ പകർപ്പുകൾക്ക് ആവശ്യപ്പെടുക.

നിങ്ങൾ കീടനാശിനികളുമൊത്തോ രാസവസ്തുക്കളുമൊത്തോ അല്ലെങ്കിൽ അവയ്ക്ക് സമീപത്തോ ആണ് ജോലി ചെയ്യുന്നതെങ്കിൽ:

- നിങ്ങൾ ജോലി ചെയ്യുന്ന രാസവസ്തുക്കളെ കുറിച്ച് അറിയുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള അവകാശം നിങ്ങൾക്കുണ്ട്. ജോലിസ്ഥലത്തെ രാസവസ്തുക്കളെ സംബന്ധിച്ച വേതനത്തോടു കൂടിയുള്ള പരിശീലനം നിങ്ങൾക്ക് നിങ്ങളുടെ തൊഴിലുടമ പ്രദാനം ചെയ്യേണ്ടതാണ്.
- എവിടെ എപ്പോഴാണ് കീടനാശിനികൾ തളിക്കുന്നതെന്നും, അബദ്ധവശാൽ കീടനാശിനിബാധ ഏല്ക്കുന്നത് തടയുന്നതിനായി ട്രീറ്റ് ചെയ്യപ്പെട്ട പ്രദേശത്ത് പ്രവേശിക്കുന്നത് എപ്പോഴാണ് സുരക്ഷിതമാകുന്നതെന്നും നിങ്ങളുടെ തൊഴിലുടമ നിങ്ങളോട് പറയുന്നതാണ്. കീടനാശിനികൾ പ്രയോഗിക്കുന്ന സ്ഥലത്ത് ചെല്ലാതിരിക്കുക.

5. യൂണിയനിൽ നിന്നും സഹായം, തൊഴിലാളി അവകാശ സംഘടനകളിൽ നിന്നും സഹായം തേടുന്നതിനുള്ള നിങ്ങളുടെ അവകാശം

- നിങ്ങളുടെ വേതനം അല്ലെങ്കിൽ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നിങ്ങളുടെ തൊഴിലുടമയോട് ആവശ്യപ്പെടുന്നതിനായി നിങ്ങളുടെ സഹപ്രവർത്തകരോട് ഒത്തുചേരുന്നതിന്, ഏതാനും ചില ഒഴിവാക്കലുകളോടെ, നിങ്ങൾക്ക് അവകാശമുണ്ട്. മിക്ക ജോലിക്കാർക്കും അവരുടെ തൊഴിൽസ്ഥലത്ത് ഒരു യൂണിയൻ രൂപീകരിക്കാനും, അതിൽ പങ്കുചേരാനും, അതിനെ പിന്തുണയ്ക്കാനും അവകാശമുണ്ട്.
- നിങ്ങൾ ജോലിയിൽ അല്ലാത്ത സമയത്ത്, നിങ്ങൾക്ക് ഉയർന്ന വേതനം അല്ലെങ്കിൽ നിങ്ങളുടെ തൊഴിൽസ്ഥലത്ത് മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങളെ പിന്തുണച്ചുകൊണ്ടുള്ള പൊതു യോഗങ്ങൾ, റാലികൾ, പ്രകടനങ്ങൾ എന്നിവയിൽ നിങ്ങൾക്ക് പങ്കെടുക്കാം.

ടിപ്പ്: നിങ്ങളുടെ തൊഴിലുടമ, കരാറുകാരൻ അല്ലെങ്കിൽ റിക്രൂട്ടറർ എന്നിവരിൽ നിന്നുള്ള നിയമോപദേശം പക്ഷപാദപരമായിരിക്കും. ഒരു സ്വതന്ത്ര അഭിഭാഷകനിൽ നിന്നും ഉപദേശം തേടുക.



- നിങ്ങളുടെ കുടിയേറ്റ പദവി എന്തുതന്നെയായാലും നിങ്ങൾക്ക് ഈ അവകാശമുണ്ട്. നിങ്ങളുടെ അവകാശങ്ങൾ ചോദിക്കുന്നതിന്റെ പേരിൽ നിങ്ങളുടെ തൊഴിലുടമയ്ക്ക് നിങ്ങൾക്കെതിരെ നടപടി സ്വീകരിക്കാനാവില്ല.

6. അതിക്രമകരമായ തൊഴിൽ സാഹചര്യം വിട്ടുപോകുന്നതിനുള്ള നിങ്ങളുടെ അവകാശം

- ഇതിലെ ഏറ്റവും പ്രധാനപ്പെട്ട സംഗതി നിങ്ങൾ അതിക്രമിക്കപ്പെടുകയാണെങ്കിൽ സുരക്ഷ തേടുക എന്നുള്ളതാണ്. നിങ്ങളുടെ തൊഴിലുടമ നിങ്ങളെ പീഡിപ്പിക്കുകയാണെങ്കിൽ നിങ്ങളുടെ ജോലിയിൽ നിങ്ങൾ തുടരേണ്ട കാര്യമില്ല.
- നിങ്ങൾ നിങ്ങളുടെ തൊഴിലുടമയെ വിട്ടുപോകുകയാണെങ്കിൽ, നിങ്ങളുടെ വിസാ അവസ്ഥയ്ക്ക് തുടർന്ന് സ്ഥാനമുണ്ടാകില്ല എങ്കിലും നിങ്ങൾക്ക് നിങ്ങളുടെ വിസാ അവസ്ഥ അല്ലെങ്കിൽ തൊഴിലുടമയെ വ്യത്യാസപ്പെടുത്താവുന്നതാണ്. ഇങ്ങനെ ചെയ്യുന്നതിനായി നിങ്ങൾ യുണൈറ്റഡ് സ്റ്റേറ്റ്സ് വിടേണ്ടത് ആവശ്യമാണ്. നിങ്ങളുടെ വിസാ അവസ്ഥ അസാധുവാണെങ്കിൽ പോലും, നിങ്ങളെ പീഢിപ്പിച്ച തൊഴിലുടമയെ നിങ്ങൾ വിട്ടുകഴിഞ്ഞാൽ നിങ്ങൾക്ക് സഹായം ലഭ്യമാകുന്നതാണ്.
- നിങ്ങൾ ജോലി ചെയ്യുമ്പോഴോ അല്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ തൊഴിലുടമയെ വിട്ടതിനു ശേഷമോ നിങ്ങളുടെ തൊഴിലുടമയ്ക്കെതിരെ നിങ്ങൾക്ക് ഔപചാരികമായ ഒരു പരാതി കൊടുക്കുകയോ ഒരു അന്യായം ഫയൽ ചെയ്യുകയോ ചെയ്യാവുന്നതാണ്. അങ്ങനെ ചെയ്തതിന്റെ പേരിൽ നിങ്ങളുടെ തൊഴിലുടമ നടപടി എടുക്കുകയോ (അല്ലെങ്കിൽ പ്രതികാര നടപടി കൈക്കൊള്ളുകയോ) ചെയ്യുകയാണെങ്കിൽ, തൊഴിലുടമ നിയമം ലംഘിക്കുകയാണ്.

# നിങ്ങളുടെ നോൺഇമിഗ്രന്റ് പദവിയുടെ അടിസ്ഥാനത്തിലുള്ള അധിക അവകാശങ്ങൾ

### എ–3, ജി–5, നാറ്റൊ–7, ബി–1 ഗാർഹിക ജോലിക്കാർ

- യു.എസ്. നിയമവുമായി അനുവർത്തിച്ചു പോകുന്ന ഒരു തൊഴിൽ കരാർ നിങ്ങളുടെ തൊഴിലുടമ നിങ്ങൾക്ക് നല്കേണ്ടതാണ്.
- ഗാർഹിക തൊഴിലാളിക്ക് നല്കേണ്ട പ്രതിമണിക്കൂർ വേതനം കരാരിൽ വ്യവസ്ഥ ചെയ്തിരിക്കണം. പ്രതിമണിക്കൂർ വേതനം യു.എസ്. ഫെഡറൽ, സംസ്ഥാന അല്ലെങ്കിൽ പ്രാദേശിക നിയമത്തിനു കീഴിലുള്ള കുറഞ്ഞ വേതനത്തിൽ ഏറ്റവും കൂടിയതായിരിക്കണം.
- താങ്കൾക്ക് മനസ്സിലാകുന്ന ഒരു ഭാഷയിലുള്ള കരാർ നിങ്ങളുടെ തൊഴിലുടമ നിങ്ങൾക്ക് പ്രദാനം ചെയ്യേണ്ടതാണ്. കരാറിന്റെ വ്യവസ്ഥകൾ നിങ്ങൾക്ക് അറിയാമെന്ന് ഉറപ്പാക്കുകയും അതിൽ എന്താണ് പറയുന്നതെന്ന് നിങ്ങൾക്ക് അറിയില്ല എങ്കിൽ പ്രമാണത്തിൽ ഒപ്പുവയ്ക്കാതിരിക്കുകയും വേണം.

### എ–3, ജി–5, നാറ്റൊ–7 ഗാർഹിക ജോലിക്കാർക്കുള്ള അധിക ആവശ്യകതകൾ

*കരാറിൽ, ഏറ്റവും ചുരുങ്ങിയത് താഴെപ്പറയുന്ന വ്യവസ്ഥകൾ ഉൾപ്പെട്ടിരിക്കണം:*

- യുണൈറ്റഡ് സ്റ്റേറ്റ്സിലെ എല്ലാ നിയമങ്ങളും പാലിക്കുന്നതാണെന്നുള്ള നിങ്ങളുടെ തൊഴിലുടമയുടെ ഉറപ്പ്;
- വേതന വിതരണത്തിന്റെ ആവൃത്തിയുടെ രീതിയും, തൊഴിലിന്റെ കടമകൾ, പ്രതിവാര ജോലി സമയം, അവധി ദിവസങ്ങൾ, രോഗചികിത്സാവധി എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ; കൂടാതെ
- നിങ്ങളുടെ പാസ്സ്പോർട്ട്, തൊഴിൽ കരാർ, അല്ലെങ്കിൽ നിങ്ങളുടെ മറ്റ് സ്വകാര്യ വസ്തുക്കൾ പിടിച്ചുവയ്ക്കുന്നതല്ല എന്ന കാര്യത്തിൽ നിങ്ങളുടെ തൊഴിലുടമയിൽ നിന്നുള്ള സമ്മതം.

### എച്.–2എ ടെംപററി അഗ്രികൾചറൽ വർക്കർ വിസകൾ

- നിങ്ങൾ ഒരിക്കലും ഒരു ലേബർ റിക്രൂട്ടർക്ക് ഫീസ് നല്കേണ്ടതില്ല.
- നിങ്ങൾക്ക് മനസ്സിലാകുന്ന ഒരു ഭാഷയിലുള്ള രേഖാമൂലമുള്ള തൊഴിൽ കരാർ നിങ്ങൾക്ക് ലഭിച്ചിരിക്കണം. അതിൽ വേതനം, ജോലി സമയദൈർഘ്യം, മണിക്കൂറുകൾ, ആനുകൂല്യങ്ങൾ



ടിപ്പ്: നിങ്ങളുടെ തൊഴിലുടമ നിങ്ങൾക്ക് സമയത്ത് വേതനം വിതരണം ചെയ്തിരിക്കണം. ഓരോ രണ്ടാഴ്ച്ച കൂടുമ്പോഴും തൊഴിലാളികൾക്ക് വേതനം വിതരണം ചെയ്യുന്നതാണ് യുണൈറ്റഡ് സ്റ്റേറ്റ്സിലെ സാധാരണ പതിവ്.

(യാത്രാസൗകര്യം, താമസസൗകര്യം, ഭക്ഷണം അല്ലെങ്കിൽ പാചക സൗകര്യങ്ങൾ എന്നിവ ഉൾപ്പെടെ), നിങ്ങളുടെ ശമ്പളത്തിൽ നിന്നുള്ള ഏതെങ്കിലും ഡിഡക്ഷനുകൾ എന്നിവയെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ അടങ്ങിയിരിക്കണം.

- നിങ്ങൾക്ക് പീസ് നിരക്കിലാണ് വേതനം നല്കുന്നതെങ്കിൽ പോലും ന്യായമായ വേതനം ലഭിക്കുന്നതിനുള്ള അവകാശം നിങ്ങൾക്കുണ്ട്.
- നിങ്ങളുടെ തൊഴിലുടമ, തൊഴിലുടമയുടെ ജോലിക്കായി നിങ്ങൾ വന്ന സ്ഥലത്തു നിന്നും ജോലിയുടെ സ്ഥലത്തേക്കുള്ള നിങ്ങളുടെ യാത്രക്കൂലിയും പ്രതിദിന ബത്തയും ഒന്നുകിൽ പ്രദാനം ചെയ്യുകയോ അല്ലെങ്കിൽ നിങ്ങളുടെ തൊഴിൽ കരാറിന്റെ പകുതി നിങ്ങൾ പൂർത്തിയാക്കിക്കഴിഞ്ഞാൽ അതിനുള്ള ന്യായമായ ചെലവുകൾ നിങ്ങൾക്ക് മടക്കിത്തരികയോ ചെയ്യേണ്ടതാണ്. നിങ്ങളുടെ തൊഴിൽ കരാർ നിങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞാൽ, തൊഴിലിന്റെ സ്ഥലത്തു നിന്നും തൊഴിലുടമയുടെ ജോലിക്കായി നിങ്ങൾ വന്ന സ്ഥലത്തേക്കുള്ള നിങ്ങളുടെ മടക്കത്തിനായി യാത്രക്കൂലിയും പ്രതിദിന ബത്തയും നിങ്ങളുടെ തൊഴിലുടമ ഒന്നുകിൽ പ്രദാനം ചെയ്യുകയോ അല്ലെങ്കിൽ പേ ചെയ്യുകയോ ചെയ്യണം. നിങ്ങളുടെ ആദ്യ ആഴ്ച്ചത്തെ വേതനത്തിൽ നിന്ന് തൊഴിൽസ്ഥലത്തേക്കെത്തിയതിനുള്ള നിങ്ങളുടെ യാത്രച്ചെലവും വിസാ ചെലവും കുറവ് ചെയ്യുമ്പോൾ കിട്ടുന്ന തുക യു.എസ്. മിനിമം വേതനത്തേക്കാൾ കുറവാണെങ്കിൽ നിങ്ങളുടെ ചെലവുകൾ നിങ്ങളുടെ തൊഴിലുടമ നിങ്ങൾക്ക് മടക്കിത്തരേണ്ടതുമാണ്. തൊഴിലുടമ പ്രദാനം ചെയ്തിരിക്കുന്ന താമസസൗകര്യത്തിൽ നിന്നും ജോലിസ്ഥലത്തേക്കുള്ള യാത്രാസൗകര്യം നിങ്ങളുടെ തൊഴിലുടമ നിങ്ങൾക്ക് സൗജന്യമായി പ്രദാനം ചെയ്യേണ്ടതാണ്.

- നിങ്ങളുടെ എച്-2എ വിസയുമായി ബന്ധപ്പെട്ട് നടത്തുന്ന സേവനങ്ങൾക്കായി നല്കുന്ന പ്രതിഫലത്തിന്മേൽ യു.എസ്. സോഷ്യൽ സെക്യൂരിറ്റി, മെഡികെയർ നികുതികൾ നിങ്ങൾക്ക് ഒഴിവാക്കിയിട്ടുണ്ട്.
- സാധാരണഗതിയിൽ, നിങ്ങളുടെ തൊഴിലുടമ കരാർ കാലയളവിലെ തൊഴിൽദിവസങ്ങളുടെ കുറഞ്ഞത് ¾ന് തുല്യമായ മൊത്തം മണിക്കൂറുകളുടെ ജോലി നിങ്ങൾക്ക് നല്കിയിരിക്കണം.

## എച്.-2ബി ടെംപററി നോൺ അഗ്രികൾചറൽ വർക്കർ വിസകൾ

- നിങ്ങൾ ഒരിക്കലും ഒരു ലേബർ റിക്രൂട്ടർക്ക് ഫീസ് നല്കേണ്ടതില്ല.
- നിങ്ങൾക്ക് മനസ്സിലാകുന്ന ഒരു ഭാഷയിലുള്ള രേഖാമൂലമുള്ള തൊഴിൽ കരാർ നിങ്ങൾക്ക് ലഭിച്ചിരിക്കണം. അതിൽ വേതനം, ജോലി സമയദൈർഘ്യം, മണിക്കൂറുകൾ, ആനുകൂല്യങ്ങൾ (യാത്രാസൗകര്യം, താമസസൗകര്യം, ഭക്ഷണം അല്ലെങ്കിൽ പാചക സൗകര്യങ്ങൾ എന്നിവ ഉൾപ്പെടെ), നിങ്ങളുടെ ശമ്പളത്തിൽ നിന്നുള്ള ഏതെങ്കിലും ഡിഡക്ഷനുകൾ എന്നിവയെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ അടങ്ങിയിരിക്കണം.
- സാധാരണഗതിയിൽ, നിങ്ങളുടെ തൊഴിലുടമ ഓരോ 12-ആഴ്ച്ച കാലയളവിലെയും തൊഴിൽദിവസങ്ങളുടെ കുറഞ്ഞത് ¾ന് തുല്യമായ മൊത്തം മണിക്കൂറുകളുടെ ജോലി നിങ്ങൾക്ക് നല്കിയിരിക്കണം.
- നിങ്ങൾക്ക് പീസ് നിരക്കിലാണ് വേതനം നല്കുന്നതെങ്കിൽ പോലും ന്യായമായ വേതനം ലഭിക്കുന്നതിനുള്ള അവകാശം നിങ്ങൾക്കുണ്ട്.
- നിങ്ങളുടെ തൊഴിൽ കരാർ കാലാവധിയുടെ പകുതി നിങ്ങൾ പൂർത്തിയാക്കിക്കഴിഞ്ഞാൽ, വിദേശത്തു നിന്നുള്ള നിങ്ങളുടെ യാത്രക്കൂലിയും ബത്തയും നിങ്ങളുടെ തൊഴിലുടമ ഒന്നുകിൽ പ്രദാനം ചെയ്യുകയോ അല്ലെങ്കിൽ നിങ്ങൾക്ക് മടക്കിത്തരികയോ ചെയ്യേണ്ടതാണ്. ഇതു കൂടാതെ, നിങ്ങൾ തൊഴിൽ കാലാവധി പൂർത്തിയാക്കുകയോ അല്ലെങ്കിൽ നിങ്ങളുടെ അംഗീകൃത തൊഴിൽ കാലാവധി പൂർത്തിയാകുന്നതിനു മുമ്പ് നിങ്ങളുടെ തൊഴിലുടമ ഏതെങ്കിലും കാരണത്താൽ നിങ്ങളെ പിരിച്ചുവിടുകയോ ചെയ്യുകയാണെങ്കിൽ ബത്ത ഉൾപ്പെടെ നാട്ടിലേക്കുള്ള നിങ്ങളുടെ യാത്രാച്ചെലവ് നിങ്ങളുടെ തൊഴിലുടമ വഹിക്കേണ്ടതാണ്. നിങ്ങളുടെ ആദ്യ ആഴ്ച്ചത്തെ വേതനത്തിൽ നിന്ന് തൊഴിൽസ്ഥലത്തേക്കെത്തിയതിനുള്ള നിങ്ങളുടെ യാത്രച്ചെലവും വിസാ ചെലവും കുറവ് ചെയ്യുമ്പോൾ കിട്ടുന്ന തുക യു.എസ്.

മിനിമം വേതനത്തേക്കാൾ കുറവാണെങ്കിൽ നിങ്ങളുടെ ചെലവുകൾ നിങ്ങളുടെ തൊഴിലുടമ നിങ്ങൾക്ക് മടക്കിത്തരേണ്ടതുമാണ്.

## ജെ–1 എക്സ്ചേഞ്ച് വിസിറ്റർ വിസകൾ

- നിങ്ങളുടെ അംഗീകൃത ഡി.എസ്.–2019 നിങ്ങളുടെ പ്രോഗ്രാം തീയതികൾ, എക്സ്ചേഞ്ചിന്റെ കാറ്റഗറി, സ്പോൺസറുടെ പേര്, നിങ്ങളുടെ എക്സ്ചേഞ്ച് പ്രോഗ്രാം നടക്കുന്ന സ്ഥലത്തെ ആതിഥേയത്വം വഹിക്കുന്ന സംഘടന എന്നീ കാര്യങ്ങൾ വിശദീകരിക്കേണ്ടതാണ്.
- നിങ്ങളുടെ സ്പോൺസർ നിങ്ങളുടെ എക്സ്ചേഞ്ച് പ്രോഗ്രാമിന്റെ എല്ലാ ചെലവുകളെയും, വ്യവസ്ഥകളെയും, നിയന്ത്രണങ്ങളെയും കുറിച്ച് കൃത്യമായി വിശദീകരിക്കേണ്ടതാണ്.

## സമ്മർ വർക്ക് ട്രാവൽ

- നിങ്ങൾക്ക് ജോലിസ്ഥലം മുൻനിശ്ചിതമായ ഒരു ജോലി ഇല്ലെങ്കിൽ, നിങ്ങൾ യുണൈറ്റഡ് സ്റ്റേറ്റ്സിൽ എത്തിയ ഉടനെ തന്നെ ഒരു ജോലിസ്ഥലം കണ്ടെത്തുന്നതിൽ നിങ്ങളെ നിങ്ങളുടെ സ്പോൺസർ സഹായിക്കേണ്ടതാണ്.

## ഇന്റേൺ അല്ലെങ്കിൽ ട്രെയിനീ

- നിങ്ങളുടെ സ്പോൺസർ നേരിട്ട്, ടെലിഫോണിലൂടെ അല്ലെങ്കിൽ വെബ് ക്യാമറയിലൂടെ നിങ്ങളെ ഇന്റർവ്യൂ ചെയ്യേണ്ടതാണ്.
- നിങ്ങളുടെ സ്പോൺസർ നിങ്ങൾക്ക് ഒരു ഇന്റേൺ അല്ലെങ്കിൽ ട്രെയിനീ ഉദ്യോഗിയമന പദ്ധതി (ഡി.എസ്.–7002) നിങ്ങൾക്ക് നല്കുകയും, അതിൽ നിങ്ങൾക്ക് ലഭിക്കുന്ന ഏതെങ്കിലും വരുമാനത്തെ കുറിച്ചുള്ള രേഖാമൂലമുള്ള ഒരു പ്രസ്താവനയും പ്രോഗ്രാമിന്റെ പരിശീലന ഉദ്ദേശ്യങ്ങളുടെ ഒരു സംക്ഷിപ്തവും അടങ്ങിയിരിക്കുകയും വേണം. നിങ്ങൾക്ക് ഒരാഴ്ച്ചയിൽ കുറഞ്ഞത് 32 മണിക്കൂറുകളുടെ ജോലി നല്കേണ്ടതാണ്.
- നിങ്ങളുടെ സ്പോൺസർ നിങ്ങൾ അടയ്ക്കേണ്ടതായ ചെലവുകളെയും ഫീസുകളെയും, കുറിച്ചുള്ള രേഖാമൂലമുള്ള ഒരു പ്രസ്താവനയും യുണൈറ്റഡ് സ്റ്റേറ്റ്സിലെ ജീവിത ചെലവുകളുടെ ഒരു മതിപ്പുകണക്കും നിങ്ങൾക്ക് നല്കേണ്ടതാണ്.
- നിങ്ങളുടെ സ്പോൺസർ നിങ്ങൾക്ക്  മെഡിക്കൽ ഇൻഷുറൻസ് കവറേജ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്, എന്നാൽ നിങ്ങളുടെ സ്പോൺസർ അതിനായി പണമടയ്ക്കേണ്ടതില്ല.



**ഓ പെയർ:**

- നിങ്ങളുടെ ആതിഥേയ കുടുംബം ഒരു പോസ്റ്റ്-സെക്കണ്ടറി സ്ഥാപനത്തിൽ പ്രവേശനം നേടുന്നതിനും ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിനും നിങ്ങളെ സഹായിക്കുകയും ആ ക്ലാസ്സുകൾക്കുള്ള ചെലവിലേക്ക് $500 വരെ അടയ്ക്കുകയും വേണം.
- പ്രതിദിനം 10 മണിക്കൂറിൽ കൂടുതൽ അല്ലെങ്കിൽ പ്രതിവാരം 45 മണിക്കുറിൽ കൂടുതൽ നിങ്ങൾ ജോലി ചെയ്യേണ്ട ആവശ്യമില്ല.
- നിങ്ങളുടെ കൗൺസലർ നിങ്ങളുമായും നിങ്ങളുടെ ആതിഥേയ കുടുംബവുമായും സ്ഥിരമായി ബന്ധം പുലർത്തണം.

ടിപ്പ്: നിങ്ങൾ യാത്ര ചെയ്യുന്നതിനു മുമ്പ്, എല്ലാ പ്രധാനപ്പെട്ട രേഖകളുടെയും രണ്ട് പകർപ്പുകളെടുക്കുക, വിശേഷിച്ചും നിങ്ങളുടെ പാസ്സ്പോർട്ടിന്റെയും, യു.എസ്. വിസയുടെയും, നിങ്ങളുടെ തൊഴിൽ കരാറിന്റെയും, അധികമായുള്ള ഏതെങ്കിലും തിരിച്ചറിയൽ രേഖകളുടെയും. ഈ പകർപ്പുകളുടെ ഒരു സെറ്റ് നാട്ടിൽ നിങ്ങൾക്ക് വിശ്വാസമുള്ള ആരെയെങ്കിലും ഏല്പിക്കുകയും, മറ്റേ സെറ്റ് നിങ്ങളുടെ കൈയ്യിൽ സൂക്ഷിക്കുകയും ചെയ്യുക.

നിങ്ങളുടെ വിസാ എവിടെയാണ് ഇഷ്യു ചെയ്തത്

"R" എന്നതിന്റെ അർത്ഥം റെഗുലർ പാസ്സ്പോർട്ട് എന്നാണ്. "ക്ലാസ്സ്" എന്നത് വിസായുടെ തരം ഏതെന്നതാണ്.

ആദ്യ പേര്

അവസാന പേര്

നിങ്ങളുടെ ജനനത്തീയതി




"കാലഹരണ തീയതി" എന്നത് യു.എസിലേക്ക് പ്രവേശനം തേടുന്നതിന് നിങ്ങളുടെ വിസാ നിങ്ങൾക്ക് ഉപയോഗിക്കാനാവുന്ന അവസാന ദിവസമാണ്. അതിന് നിങ്ങൾ എത്ര നാൾ യു.എസിൽ താമസിക്കും എന്നതുമായി ഒരു ബന്ധവുമില്ല.

**"M"** എന്നത് നിങ്ങൾക്ക് നിരവധി തവണ യു.എസിലേക്ക് പ്രവേശനം തേടാം എന്നതാണ്. ഇവിടെ ഒരു സംഖ്യയാണ് ഉള്ളതെങ്കിൽ, ന ിങ്ങൾക്ക് അത്രയും തവണ പ്രവേശനത്തിന് അപേക്ഷിക്കാനാവും.

"അനോട്ടേഷൻ" എന്നതിൽ നിങ്ങളുടെ വിസായെ കുറിച്ചുള്ള അധിക വിവരങ്ങൾ ഉൾപ്പെടാവുന്നതാണ്. ഉദാഹരണത്തിന്, ഒരു സ്റ്റുഡന്റ് വിസായിൽ, നിങ്ങളുടെ SEVIS നമ്പറും നിങ്ങളുടെ സ്കൂളിന്റേ പേരും കാണിക്കുന്നതാണ്.

# നിങ്ങളുടെ നോൺഇമിഗ്രന്റ് വിസാ

ഒരു നോൺ ഇമിഗ്രിന്റ് വിസ എന്നത് യുണൈറ്റഡ് സ്റ്റേറ്റ്സിലേക്ക് യാത്ര ചെയ്യുന്ന ഒരു വ്യക്തിയെ, ജോലിക്ക്, പഠനത്തിന് അല്ലെങ്കിൽ ഒരു സാംസ്കാരിക വിനിമയ പരിപാടിയിൽ പങ്കെടുക്കുന്നതിന് ഉൾപ്പെടെ ഒരു പ്രത്യേക ഉദ്ദേശ്യത്തിനായി പ്രവേശിക്കുന്നതിന് അനുമതി ചോദിക്കുന്ന ഒരു യു.എസ്. സർക്കാർ രേഖയാണ്. നിങ്ങൾ ഒരു വിസയ്ക്കായി അപേക്ഷിക്കേണ്ടത് വിദേശത്തുള്ള ഒരു യു.എസ്. എംബസ്സിയിലോ കോൺസുലേറ്റിലോ ആണ്. നിങ്ങൾ ഒരു നോൺഇമിഗ്രന്റ് വിസ കരസ്ഥമാക്കിക്കഴിഞ്ഞാൽ, നിങ്ങൾക്ക് യുണൈറ്റഡ് സ്റ്റേറ്റ്സിലേക്ക് യാത്ര ചെയ്യാനും പ്രവേശനത്തിനായി ഒരു യു.എസ്. ഇമിഗ്രേഷൻ ഉദ്യോഗസ്ഥന്റെ മുന്നിൽ




നിങ്ങൾ യുണൈറ്റഡ് സ്റ്റേറ്റ്സിലേക്ക് പ്രവേശിപ്പിക്കപ്പെടുമ്പോൾ, ഒരു ഇമിഗ്രേഷൻ ഉദ്യോഗസ്ഥൻ നിങ്ങളുടെ പാസ്സ്പോർട്ട് സ്റ്റാമ്പ് ചെയ്യുന്നതും, പ്രവേശനത്തിന്റെ തീയതി, പ്രവേശനത്തിന്റെ ക്ലാസ്സ്, എത് തീയതി വരെ പ്രവേശിപ്പിക്കപ്പെട്ടിരിക്കുന്നു *("admit until")* എന്നീ വസ്തുതകൾ അടയാളപ്പെടുത്തുന്നതുമാണ്. യു.എസ്. സിറ്റിസൺഷിപ്പ് ആന്റ് ഇമിഗ്രേഷൻ സർവീസസ് മുമ്പാകെ വിസ

കാലാവധി നീട്ടുന്നതിനു വേണ്ടി നിങ്ങൾ ഫയൽ ചെയ്തിട്ടില്ല എങ്കിൽ നിയമപരമായി തുടരുന്നതിനായി നിങ്ങളുടെ 1–94 *("admit until")* തീയതിയ്ക്കു മുമ്പായി നിങ്ങൾ യുണൈറ്റഡ് സ്റ്റേറ്റ്സ് വിടേണ്ടത് ആവശ്യമാണ്. നിങ്ങളുടെ 1–94 രേഖകൾ നിങ്ങൾക്ക് *https://i94.cbp.dhs.gov* ൽ പരിശോധിക്കാവുന്നതാണ്.

# മനുഷ്യക്കടത്ത്

മനുഷ്യക്കടത്ത് അഥവാ ഹ്യൂമൻ ട്രാഫിക്കിംഗിന്റെ ഇരകൾക്ക് സംരക്ഷണങ്ങൾക്കും സേവനങ്ങൾക്കും അവകാശമുള്ളതും കൂടാതെ ചില പൊതു ആനുകൂല്യങ്ങൾക്ക് അർഹതയും ഉണ്ടായേക്കാവുന്നതാണ്. മനുഷ്യക്കടത്ത് എന്നത്, കുട്ടികളെ വാണിജ്യപരമായ ലൈംഗികതയ്ക്കായി ചൂഷണം ചെയ്യുന്നതും, നിർബന്ധപൂർവ്വമോ ചതിയിലൂടെയോ അല്ലെങ്കിൽ ഭീഷണിപ്പെടുത്തി അനുസരിപ്പിച്ചോ മുതിർന്നവരെ വാണിജ്യപരമായ ലൈംഗികതയ്ക്കായി ചൂഷണം ചെയ്യുന്നതും, ഏത് വ്യക്തിയെയും നിർബന്ധിത തൊഴിലിനായി ചൂഷണം ചെയ്യുന്നതും അടങ്ങിയിരിക്കുന്നതായ ഒരു കുറ്റകൃത്യമാണ്. തൊഴിലാളികളെ കടത്തുന്നവർ, വാണിജ്യപരമായ ലൈംഗികതയുടെ പിമ്പുകളും വാങ്ങുന്നവരും ഉൾപ്പെടാവുന്ന ഇത്തരം ചുഷണത്തിന്റെ കുറ്റകൃത്യത്തിലേർപ്പെടുന്നവർ ഫെഡറൽ, സംസ്ഥാന ആന്റി–ട്രാഫിക്കിംഗ് നിയമങ്ങൾ അനുസരിച്ച് പ്രോസിക്യൂട്ട് ചെയ്യപ്പെടാവുന്നതാണ്. തൊഴിൽ കടത്തുകാരും ലൈംഗിക കടത്തുകാരും ക്രിമിനലായി പ്രോസിക്യൂട്ട് ചെയ്യപ്പെടുന്നതും അതുപോലെതന്നെ സിവിൽ ബാദ്ധ്യത നേരിടാവുന്നതുമാണ്. മനുഷ്യക്കടത്തിനെ സൂചിപ്പിച്ചേക്കാവുന്ന ചില മുന്നറിയിപ്പ് സൂചനകൾ ചുവടെ നല്കിയിരിക്കുന്നു.

### ഭീഷണികളും ഭയവും

മനുഷ്യക്കടത്തുകാരും, അവരെ സഹായിക്കുന്ന ആളുകളും, വിട്ടുപോകാൻ വളരെധികം ഭയം തോന്നിപ്പിക്കുന്ന വിധത്തിൽ നിങ്ങൾക്കോ മറ്റുള്ളവർക്കോ നേരെ ഭീഷണികളും മറ്റ് ഭയപ്പെടുത്തലുകളും പ്രയോഗിച്ചേക്കാം. ഉദാഹരണത്തിന്:

- മർദ്ദനം, ശാരീരിക പീഢനം, ലൈംഗിക പീഢനം;
- മർദ്ദനത്തിന്റെ, ശാരീരിക പീഢനത്തിന്റെ, അല്ലെങ്കിൽ ലൈംഗിക പീഢനത്തിന്റെ ഭീഷണി;
- പൂട്ടിയിടുക അല്ലെങ്കിൽ തൊഴിലാളി ജോലിസ്ഥലം അല്ലെങ്കിൽ താമസസ്ഥലം വിട്ടുപോകുന്നത് തടയുക;
- നിങ്ങൾ വിട്ടുപോകാനോ, മോശമായ പെരുമാറ്റത്തിനെതിരെ പരാതിപ്പെടാനോ, സാഹചര്യം അധികൃതർക്ക് റിപ്പോർട്ട്



ടിപ്പ്: നിങ്ങൾ യുണൈറ്റഡ് സ്റ്റേറ്റ്സിൽ എത്തിക്കഴിഞ്ഞാൽ, നിങ്ങളുടെ പാസ്സ്പോർട്ടും മറ്റ് യാത്രാ രേഖകളും നിങ്ങൾക്ക് അവ എപ്പോഴും പ്രാപ്യമാകുന്ന സുരക്ഷിതമായ ഒരു സ്ഥലത്ത് സൂക്ഷിക്കുക. നിങ്ങളുടെ പാസ്സ്പോർട്ട് നിങ്ങളുടെ തൊഴിലുടമ കൈവശപ്പെടുത്തുന്നത് നിയമവിരുദ്ധമാണ്.

ചെയ്യാനോ, സഹായം തേടാനോ ശ്രമിക്കുകയാണെങ്കിൽ നിങ്ങളെ അല്ലെങ്കിൽ നിങ്ങളുടെ കുടുംബത്തെ ഉപദ്രവിക്കുമെന്നുള്ള ഭീഷണിപ്പെടുത്തലുകൾ;

- സഹായം തേടുന്നതിന് നിങ്ങളെ നാടുകടത്തുമെന്നോ അറസ്റ്റ് ചെയ്യുമെന്നോ ഉള്ള ഭീഷണികൾ; അല്ലെങ്കിൽ
- വിട്ടുപോകാനോ, പരാതിപ്പെടാനോ, സാഹചര്യം റിപ്പോർട്ട് ചെയ്യാനോ, സഹായം തേടാനോ ശ്രമിച്ച മറ്റ് തൊഴിലാളികൾക്ക് നേരെയുള്ള ഭീഷണികൾ അല്ലെങ്കിൽ ഉപദ്രവം അല്ലെങ്കിൽ രക്ഷപ്പെടാൻ ശ്രമിക്കുന്ന ആരെയും കണ്ടുപിടിക്കുകയും തിരികെക്കൊണ്ടുവരികയും ചെയ്യുമെന്നുള്ള ഭീഷണികൾ.

### കടം

മനുഷ്യക്കടത്തുകാരും, അവരെ സഹായിക്കുന്ന ആളുകളും, ഒരു കടം വീട്ടുന്നതിനായി നിങ്ങൾ ജോലിയോ, സേവനമോ ചെയ്യണമെന്ന് അല്ലെങ്കിൽ വാണിജ്യപരമായ ലൈംഗിക പ്രവർത്തനങ്ങളിൽ (വ്യഭിചാരം) ഏർപ്പെടണമെന്ന് നിങ്ങളോട് ആവശ്യപ്പെട്ടേക്കാം. ചില സംഭവങ്ങളിൽ മനുഷ്യക്കടത്തുകാർ തന്നെ കടം സൃഷ്ടിക്കുകയും അടിച്ചേല്പിക്കുകയും ചെയ്യും. ജോലിയോ, സേവനമോ, ലൈംഗിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതോ തുടരുന്നതിനായി അല്ലെങ്കിൽ വിട്ടുപോകുന്നതിൽ നിന്ന് നിങ്ങളെ തടയുന്നതിനായി നിങ്ങളെ നിർബന്ധിക്കുന്നതിന് ഒരു കടത്തെ ഉപയോഗിക്കുന്നത് നിയമത്തിനെതിരാണ്. മനുഷ്യക്കടത്തുകാർ നിങ്ങളുടെ കടത്തിൽ കൃത്രിമം കാട്ടുകയും വീട്ടുന്നത് പ്രയാസകരമാക്കുകയും ചെയ്യുകയും,

കടം വീട്ടുന്നതു വരെ മനുഷ്യക്കടത്തുകാരന്റെ സേവനത്തിൽ നിങ്ങൾ തുടരേണ്ടതാണെന്ന് നിങ്ങളെ വിശ്വസിപ്പിക്കുകയും ചെയ്തേക്കാം.

കടത്തിൽ കൃത്രിമം കാട്ടുന്നതിന്റെ ഉദാഹരണങ്ങളിൽ ഇവ ഉൾപ്പെടുന്നതാണ്:

- ന്യായമായ ഒരു സമയത്തിനുള്ളിൽ അടച്ചുതീർക്കുന്നത് പ്രയാസകരമോ അസാദ്ധ്യമോ ആയതും നിങ്ങൾ സമ്പാദിക്കുന്നതിന്റെ അനുപാതത്തിനു പുറത്തുള്ളതുമായ ഒരു കടം അടിച്ചേല്പിക്കുക;
- നിങ്ങൾ മുൻകൂട്ടി സമ്മതിക്കാത്തതോ അല്ലെങ്കിൽ സമ്മതിച്ച കടത്തിനേക്കാൾ വലുതോ ആയ ഒരു കടം അടിച്ചേല്പിക്കുക;
- കടം വീട്ടുന്നതിനായി നിങ്ങളുടെ സമ്പാദ്യം വിനിയോഗിക്കുന്നത് നിരസിക്കുക;
- കടം വീട്ടുന്നതിനായി നിങ്ങൾ എത്ര നാൾ മനുഷ്യക്കടത്തുകാരന്റെ സേവനത്തിൽ തുടരേണ്ടതുണ്ട് എന്ന് വ്യക്തമാക്കാൻ വിസമ്മതിക്കുക;
- നിങ്ങൾ മുമ്പ് സമ്മതിച്ചിട്ടില്ലാത്ത യാത്രയുടെയും, താമസത്തിന്റെയും, ഭക്ഷണത്തിന്റെയും ഫീസുകളും ചാർജുകളും കടത്തോടൊപ്പം കൂട്ടിച്ചേർക്കുക; കൂടാതെ
- നിയമം ലംഘിച്ചതിനും, ആവശ്യത്തിന് സമ്പാദിക്കാത്തതിനും അല്ലെങ്കിൽ മതിയായ ജോലിയോ, സേവനങ്ങളോ അല്ലെങ്കിൽ വാണിജ്യപരമായ ലൈംഗീക പ്രവർത്തനങ്ങളോ ചെയ്യാതിരിക്കുന്നതിനുള്ള ചാർജുകൾ, ഫൈനുകൾ അല്ലെങ്കിൽ പിഴകൾ കൂട്ടിച്ചേർക്കുക.

## നിയമങ്ങളും നിയന്ത്രണങ്ങളും

മനുഷ്യക്കടത്തുകാരും, അവരെ സഹായിക്കുന്ന ആളുകളും, നിങ്ങൾ അല്ലെങ്കിൽ മറ്റുള്ളവർ  വിട്ടുപോകുന്നതോ, പരാതിപ്പെടുന്നതോ, സഹായം തേടുന്നതോ പ്രയാസകരമാക്കുന്ന നിയമങ്ങൾ അല്ലെങ്കിൽ നിയന്ത്രണങ്ങൾ ഉപയോഗിച്ചേക്കാം. ഉദാഹരണത്തിന്:

- ജോലിസ്ഥലം വിട്ടുപോകുന്നതിന് എതിരെയുള്ള നിയമങ്ങൾ, അല്ലെങ്കിൽ ജോലിയിൽ അല്ലാത്തപ്പോൾ നിങ്ങൾക്ക് എവിടെയൊക്കെ പോകാം എന്നത് സംബന്ധിച്ച കർശനമായ നിയമങ്ങൾ;
- നിങ്ങളുടെ സ്വന്തം പാസ്സ്പോർട്ട്, വിസാ, ജനന സർട്ടിഫിക്കറ്റ്, അല്ലെങ്കിൽ മറ്റ് തിരിച്ചറിയൽ രേഖകൾ കൈവശം വയ്ക്കുന്നതിനെതിരെയുള്ള നിയമങ്ങൾ;

ടിപ്പ്: നിങ്ങളുടെ തൊഴിലുടമ നിങ്ങൾക്കെതിരെ നടത്തുന്ന ഏത് അനുചിതമായ പരാമർശത്തിന്റെയും കൂടാതെ/അല്ലെങ്കിൽ സ്വീകരിക്കുന്ന നടപടിയുടെയും വിശദമായ ഒരു രേഖ സൂക്ഷിക്കുകയും, ഏതെങ്കിലും സാക്ഷികളുണ്ടെങ്കിൽ അവരുടെ പേരുകളും ഫോൺ നമ്പറുകളും കുറിച്ചുവയ്ക്കുകയും ചെയ്യുക.

- പര്യാപ്തമായ ഭക്ഷണം, ഉറക്കം, അല്ലെങ്കിൽ വൈദ്യപരിചരണം എന്നിവയ്ക്കുള്ള പ്രാപ്യത നിഷേധിക്കുക; അല്ലെങ്കിൽ
- നിങ്ങളുടെ കുടുംബവുമായോ, മറ്റ് ജോലിക്കാരുമായോ, ഉപഭോക്താക്കളുമായോ, ജോലിസ്ഥലത്തിനു പുറത്തുള്ള ലീഗൽ അല്ലെങ്കിൽ സോഷ്യൽ സർവീസ് ഔട്ട്റീച്ച് വർക്കേഴ്സിനെ പോലെയുള്ള വ്യക്തികളുമായോ ഉള്ള ആശയവിനിമയം തടയുക നിയന്ത്രിക്കുക അല്ലെങ്കിൽ നിരീക്ഷിക്കുക.

## വഞ്ചനയും കളവുകളും

മനുഷ്യക്കടത്തുകാരും, അവരെ സഹായിക്കുന്ന ആളുകളും വഞ്ചനയും കളവുകളും ഉപയോഗിച്ചേക്കാം. ഉദാഹരണത്തിന്:

- ജോലിയുടെ തരം, ജോലി സമയം, ജോലി അല്ലെങ്കിൽ ജീവിത സാഹചര്യങ്ങൾ, അല്ലെങ്കിൽ വേതനം എന്നിവയെ കുറിച്ചുള്ള വ്യാജ വാഗ്ദാനങ്ങൾ;
- ഒരു നല്ല ജോലി വാഗ്ദാനം ചെയ്യുകയും അതിനു ശേഷം കഠിനതരമായ സാഹചര്യങ്ങളിൽ വളരെ കൂടുതൽ സമയം അല്ലെങ്കിൽ വാഗ്ദാനം ചെയ്തതിനേക്കാൾ കുറഞ്ഞ വേതനത്തിന് ജോലി ചെയ്യാൻ നിങ്ങളോട് ആവശ്യപ്പെടുകയും ചെയ്യുക; അല്ലെങ്കിൽ
- ഒരു നല്ല ജോലി വാഗ്ദാനം ചെയ്യുകയും അതിനു ശേഷം മറ്റൊരു തരത്തിലുള്ള ജോലി, സേവനങ്ങൾ അല്ലെങ്കിൽ വാണിജ്യപരമായ ലൈംഗിക പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ നിങ്ങളോട് ആവശ്യപ്പെടുകയും ചെയ്യുക; ഇതിൽ ഒരു നഴ്സിംഗ് പ്രൊഫസറായ ജോലി വാഗ്ദാനം ചെയ്യുകയും, അതിനു ശേഷം ഒരു നഴ്സിംഗ് ഹോമിലെ സ്റ്റാഫ് ആയി ജോലി ചെയ്യാൻ നിങ്ങളെ നിർബന്ധിക്കുകയും ചെയ്യുക, അല്ലെങ്കിൽ ഒരു ആയയായുള്ള ജോലി വാഗ്ദാനം ചെയ്യുകയും അനതിനു ശേഷം നഗ്നനൃത്തത്തിൽ അല്ലെങ്കിൽ വാണിജ്യപരമായ ലൈംഗിക പ്രവർത്തനത്തിൽ (വ്യാഭിചാരം) ഏർപ്പെടാൻ നിങ്ങളെ നിർബന്ധിക്കുകയും ചെയ്യുക എന്നിവ ഉൾപ്പെടുന്നതാണ്.



- നിങ്ങൾക്ക് അവകാശങ്ങളൊന്നുമില്ലെന്ന് നിങ്ങളോട് പറയുക;
- നിങ്ങളെ ആരും വിശ്വസിക്കില്ലെന്ന് അല്ലെങ്കിൽ നിങ്ങൾ സഹായം തേടാൻ ശ്രമിക്കുകയാണെങ്കിൽ നിങ്ങളെ നാടുകടത്തുന്നതാണെന്ന് നിങ്ങളോട് പറയുക; അല്ലെങ്കിൽ
- മനുഷ്യക്കടത്തുകാരൻ ആരാണെന്നതിനെ കുറിച്ച് കള്ളം പറയാൻ നിങ്ങളോട് നിർദേശിക്കുക.

### പീഡനത്തെ കുറിച്ച് നിങ്ങൾ റിപ്പോർട്ട് ചെയ്യുകയാണെങ്കിൽ നിങ്ങളെ നാടുകടത്തുമോ?

പീഡനത്തെ കുറിച്ച് റിപ്പോർട്ട് ചെയ്യുന്നവരെ സംരക്ഷിക്കുന്നതിനുള്ള പ്രോഗ്രാമുകളുണ്ട്. നിങ്ങൾക്ക് കുടിയേറ്റ ആശങ്കകളുണ്ടെങ്കിൽ പോലും സഹായം തേടാൻ നിങ്ങൾ ഭയപ്പെടേണ്ടതില്ല. നിങ്ങളുടെ തൊഴിലുടമയ്ക്ക് വേണ്ടി പ്രവർത്തിക്കാത്ത ഒരു ഇമിഗ്രേഷൻ വക്കീലുമായി നിങ്ങൾ ബന്ധപ്പെടണം.

നിങ്ങൾ മനുഷ്യക്കടത്തിന്റെയോ അല്ലെങ്കിൽ ബലാത്സംഗമോ ലൈംഗിക അതിക്രമമോ പോലെയുള്ള മറ്റൊരു ഗുരുതരമായ കുറ്റകൃത്യത്തിന്റെയോ ഇരയാണെന്ന് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ, നിങ്ങൾക്ക് "T" (ട്രാഫിക്കിംഗ് വിക്ടിംസ് അഥവാ മനുഷ്യക്കടത്തിന്റെ ഇരകൾ) അല്ലെങ്കിൽ "U" (മനുഷ്യക്കടത്തിന്റെ അല്ലെങ്കിൽ മറ്റ് ഗുരുതരമായ കുറ്റകൃത്യങ്ങൾ) നോൺഇമിഗ്രന്റ് പദവി പോലെയുള്ള വ്യത്യസ്തമായ ഒരു നോൺഇമിഗ്രന്റ് പദവിക്ക് നിങ്ങൾക്ക് അർഹത ലഭിക്കുന്നതാണ് അല്ലെങ്കിൽ മറ്റുവിധത്തിൽ യുണൈറ്റഡ് സ്റ്റേറ്റ്സിൽ താല്ക്കാലികമായി തുടരുന്നതിന് നിങ്ങളെ അനുവദിക്കുന്നതാണ്. ഈ നോൺഇമിഗ്രന്റ് വർഗ്ഗീകരണങ്ങൾ ഇരകളെ സംരക്ഷിക്കുന്നതിനായി സൃഷ്ടിച്ചിട്ടുള്ളതാണ്. യുണൈറ്റഡ് സ്റ്റേറ്റ്സിലുള്ള പല ആളുകളും T അല്ലെങ്കിൽ U നോൺഇമിഗ്രന്റ് പദവിയെ കുറിച്ച് പരിചിതരല്ല. നിങ്ങളെ സഹായിക്കുന്ന ആളുകളോട് അതേക്കുറിച്ച് നിങ്ങൾ പറയേണ്ടത് ആവശ്യമാണ്.

### മനുഷ്യക്കടത്തിന്റെ ഇരകൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമായിട്ടുള്ളത്?

യുണൈറ്റഡ് സ്റ്റേറ്റ്സിലെ മനുഷ്യക്കടത്തിന്റെ ഇരകൾ ഫെഡറൽ, സംസ്ഥാന പ്രോഗ്രാമുകൾക്ക് കീഴിലുള്ള ആനുകൂല്യങ്ങൾക്കും, സേവനങ്ങൾക്കും, ഇമിഗ്രേഷൻ ആശ്വാസത്തിനും അർഹരാണ്. പല സംഘടനകൾക്കും, വൈദ്യ/ദന്തൽ പരിചരണം, മാനസികാരോഗ്യ പരിചരണം, താമസസൗകര്യം, കുടിയേറ്റത്തിനായുള്ള നിയമ സഹായം, മറ്റ് നിയമപരമായ സഹായങ്ങൾ, തൊഴിൽ നേടുന്നതിനുള്ള സഹായം, പൊതു ആനുകൂല്യങ്ങൾ എന്നിവ ഉൾപ്പെടുന്നതായ ഈ സേവനങ്ങൾ പ്രാപ്യമാക്കുന്നതിൽ നിങ്ങളെ സഹായിക്കാനാവും.

ടിപ്പ്: നിങ്ങൾ ജോലിയിലായിരിക്കുന്ന എല്ലാ സമയങ്ങളെ കുറിച്ചും രേഖാമൂലമുള്ള ഒരു രേഖ സൂക്ഷിക്കുന്നത് ഒരു നല്ല ആശയമാണ്. ഒരു നോട്ട്പുസ്തകം എടുക്കുകയും നിങ്ങൾ ജോലി ചെയ്ത എല്ലാ ദിവസങ്ങളും മണിക്കൂറുകളും, നിങ്ങൾക്ക് എത്ര തുക വേതനമായി ലഭിച്ചു, നിങ്ങൾ പേയ്മെന്റ് കൈപ്പറ്റിയ തീയതി, നിങ്ങളുടെ ശമ്പളത്തിൽ നിന്നും നടത്തിയിട്ടുള്ള ഡിഡക്ഷനുകൾ, ആ ഡിഡക്ഷനുകൾക്കുള്ള കാരണങ്ങൾ എന്നിവ കുറിച്ചിടുകയും ചെയ്യുക

## മാതൃകാ പ്രതിവാര വർക്ക് ലോഗമ

| തൊഴിലാളി: | സൂപ്പർവൈസർ: |
|---|---|

| തീയതി | പ്രവർത്തനങ്ങൾ | മണിക്കൂറുകൾ | പേയ്മെന്റ് |
|---|---|---|---|
| | | ഇൻ: ______<br>ഔട്ട്: ______<br>ആകെ: ______ | |
| | | ഇൻ: ______<br>ഔട്ട്: ______<br>ആകെ: ______ | |

# ചുവടെ പറയുന്ന കാര്യങ്ങളെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ഈ വെബ്സൈറ്റുകൾ സന്ദർശിക്കുക:

താഴെ പറയുന്ന വെബ്സൈറ്റുകൾ ഇംഗ്ലീഷിലാണ്.

- വിസാ അപേക്ഷാ പ്രക്രിയയും നിങ്ങളുടെ യു.എസ്. വിസയും: *usvisas.state.gov.*
- മനുഷ്യക്കടത്ത്: *www.state.gov/j/tip.*
- ജെ–1 വിസാ എക്സ്ചേഞ്ച് പ്രോഗ്രാം: *j1visa.state.gov.*
- സമത്വവും, നിങ്ങളുടെ വംശം, നിറം, മതം, ലിംഗം (ഗർഭാവസ്ഥ ഉൾപ്പെടെ), ദേശീയത, പ്രായം (40 അല്ലെങ്കിൽ അതിനു മുകളിൽ), ശേഷിവൈകല്യം അല്ലെങ്കിൽ ജനിതക വിവരം കാരണമായി ജോലിസ്ഥലത്തുള്ള വിവേചനത്തിൽ നിന്നു മുക്തമായിരിക്കാനുള്ള നിങ്ങളുടെ അവകാശങ്ങളും, വിവേചനക്കുറ്റം ഫയൽ ചെയ്യുന്നതിനും: *www.eeoc.gov.*
- ജോലി സ്ഥലത്തെ നിങ്ങളുടെ അവകാശങ്ങൾ, അല്ലെങ്കിൽ നിങ്ങളുടെ ജോലി സുരക്ഷിതമല്ലെന്ന് നിങ്ങൾ വിശ്വസിക്കുകയും ഒരു പരിശോധന നടത്തണമെന്ന് അഭ്യർത്ഥിക്കാൻ നിങ്ങൾ ആവശ്യപ്പെടുകയും ചെയ്യുകയാണെങ്കിൽ: *www.osha.gov.*
- നിങ്ങളുടെ തൊഴിലുടമയിൽ നിന്നും ലഭിക്കാനുള്ള വേതനം എങ്ങനെ നേടിയെടുക്കാം: *webapps.dol.gov/wow.*
- വേതനം സംബന്ധിച്ച ഒരു പരാതി എങ്ങനെ ഫയൽ ചെയ്യണം എന്നതുൾപ്പെടെ, ന്യായമായ വേതനത്തിനുള്ള നിങ്ങളുടെ അവകാശങ്ങൾ: *www.dol.gov/WHD/immigration.*
- നിങ്ങളുടെ പൗരത്വപദവി കാരണമായി വിവേചനം നേരിടാതിരിക്കുന്നതിനും ഒരു വിവേചന പരാതി ഫയൽ ചെയ്യുന്നതിനുമുള്ള നിങ്ങളുടെ അവകാശം: *www.justice.gov/crt/filing-charge.*
- ഒരു ചാർജ് ഫയൽ ചെയ്യുന്നതുൾപ്പെടെ, നിങ്ങളുടെ വേതനം അല്ലെങ്കിൽ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി മറ്റ് തൊഴിലാളികളുമായി യോജിക്കുന്നതിനുള്ള നിങ്ങളുടെ അവകാശം: *www.nlrb.gov.*
- ആരോഗ്യ ഇൻഷുറൻസിനുള്ള നിങ്ങളുടെ അവകാശങ്ങൾ, ബാദ്ധ്യതകൾ, ഒഴിവാക്കലുകൾ എന്നിവ: *localhelp.healthcare.gov.*

ഈ ലഘുലേഖ തയ്യാറാക്കിയിരിക്കുന്നത് 2008ലെ വില്യം
വിൽബർഫോഴ്സ് ട്രാഫിക്കിംഗ് വിക്ടിംസ് പ്രൊട്ടക്ഷൻ
റീഓതറൈസേഷൻ ആകടിന്റെ സെക്ഷൻ 202,
പബ്ലിക് ലോ 110–457 അനുസൃതമായിട്ടാണ്.